**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - 30.09.2016-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം.800/2012 കേസിലെ ഉത്തരവ് പ്രകാരം ശ്രീ.മുഹമ്മദ് ജായുടെ സീനിയോറിറ്റി പുനർനിർണ്ണയിച്ചതിനെത്തുടർന്ന് നോഷണലായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1272/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 21.06.2019.**

പരാമർശം:
1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.മുഹമ്മദ് ജാ ഫയൽ ചെയ്ത റ്റി.എ.നം.800/2012 കേസിലെ 30.09.2016-ലെ ഉത്തരവ്.
2) സ.ഉ.(അ) നം.76/2017/തസ്വഭവ തീയതി 24.10.2017.
3) 26.10.2017-ലെ തസ്വഭവ-ഇആർഎ3/63/2017/തസ്വഭവ നമ്പർ സർക്കാർ വിജ്ഞാപനം.
4) 24.01.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 4017/എ1/2017/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.മുഹമ്മദ് ജാ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത റ്റി.എ.നം.800/2012 കേസിലെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ.മുഹമ്മദ് ജായുടെ അഡ്വൈസ് നമ്പർ പുനഃക്രമീകരിക്കുവാനും, അതിനെത്തുടർന്നുള്ള ആനുകൂല്യങ്ങൾ നൽകുവാനും നിർദ്ദേശിച്ചിരുന്നു. ശ്രീ.മുഹമ്മദ് ജായുടെ സീനിയോറിറ്റി ശ്രീ.ജി.അനിലിനും (ക്രമ നം.14) ശ്രീ.അബ്ദുൾ അസീസിനും (ക്രമ നം.15) മദ്ധ്യേ ക്രമീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സീനിയോറിറ്റി അനുസരിച്ച് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികകളിലേയ്ക്കുള്ള വിവിധ സെലക്ട് ലിസ്റ്റുകളിൽ ടിയാളെ ഉൾപ്പെടുത്തി ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സീനിയോറിറ്റി പുനർനിർണ്ണയിച്ചതിനെത്തുടർന്ന് ടിയാളുടെ ജൂനിയറായ ശ്രീ.അബ്ദുൾ അസീസിന് സ്ഥാനക്കയറ്റം ലഭിച്ച തീയതി മുതൽ ശ്രീ.മുഹമ്മദ് ജാ-യ്ക്കും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് ജായുടെ തൊട്ടടുത്ത ജൂനിയറായ ശ്രീ.അബ്ദുൾ അസീസിന് വിവിധ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് ചുമതലയേറ്റ തീയതി ചുവടെ ചേർക്കും പ്രകാരമാണ്.

| സ്ഥാനക്കയറ്റം നൽകിയ തസ്തിക | ശ്രീ.അബ്ദുൾ അസീസ് ചുമതലയേറ്റ തീയതി |
|---|---|
| അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ | 30.07.2007 |
| ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ | 27.01.2014 |
| ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ | 17.07.2017 |

ശ്രീ.മുഹമ്മദ് ജായുടെ സീനിയോറിറ്റി പരാമർശം (1) പ്രകാരമുള്ള കോടതി വിധിയെത്തുടർന്ന് പുനഃനിർണ്ണയിക്കുകയും, അതിനനുസൃതമായി വിവിധ സെലക്ട് ലിസ്റ്റുകളിൽ ഭേദഗതി വരുത്തുകയും ചെയ്തതിനാൽ ടിയാളുടെ തൊട്ടടുത്ത ജൂനിയറായ ശ്രീ.അബ്ദുൾ അസീസ്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികകളിൽ ചുമതലയേറ്റ തീയതി മുതൽ പ്രാബല്യത്തിൽ ശ്രീ.മുഹമ്മദ് ജാ-യ്ക്കും നോഷണലായി, ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ലെന്ന വ്യവസ്ഥയിൽ, സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.മുഹമ്മദ് ജാ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം. (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ